**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻ്റ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 136 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റെഗുലേഷൻസ് 62, 63 -ൽ വ്യതിയാനം അനുവദിച്ച് ശിരോപരി ലൈനിന് താഴെ ഗാർഹിക ആവശ്യത്തിന് വീട് നിർമ്മിക്കുന്നതിന് സോപാധിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.257/2025/POWER    തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-
1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻ്റ് ഇലക്ട്രിക് സപ്ലൈ റെഗുലേഷൻസ് 2023.
2. സ.ഉ.(എം.എസ്) നം. 7/2024/പവർ തീയതി: 21.10.2024.
3. ശിരോപരി ലൈനിന് അടിയിൽ കെട്ടിട നിർമ്മാണത്തിന് വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 27.03.2025 തീയതിയിലെ യോഗ നടപടിക്കുറിപ്പ്.
4. ചീഫ് ഇലക് ട്രിക്കൽ ഇൻസ്പെക്ടറുടെ 30.05.2025, 16.06.2025, 23.07.2025, 25.07.2025 തീയതികളിലെ സി.ഇ.ഐ./5751/2024-ബി4 നമ്പർ കത്തുകൾ.
5. സ.ഉ.(സാധാ.) നം. 126/2025/പവർ തീയതി: 04.07.2025.

**ഉത്തരവ്**

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻ്റ് ഇലക്ട്രിക് സപ്ലൈ റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഉണ്ടെങ്കിലും റെഗുലേഷൻ 136 പ്രകാരം വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ പരാമർശം (3)ലെ യോഗതീരുമാനം പ്രകാരം മേൽ റെഗുലേഷൻസിലെ റെഗുലേഷൻ 63-ൽ അനുശാസിക്കുന്ന ലംബ അകലം ഉള്ളതും ഗാർഹിക ആവശ്യത്തിനുള്ളതുമായ കെട്ടിടനിർമ്മാണത്തിനായുള്ള 22

അപേക്ഷകൾക്ക് റെഗുലേഷൻസ് 62, 63-ൽ വ്യതിയാനം അനുവദിച്ച് അനുമതി നൽകുന്നതിനും വാണിജ്യാവശ്യത്തിനായുള്ള 5 അപേക്ഷകൾ നിരസിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (4)ലെ 30.05.2025 തീയതിയിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അനുമതിക്കായി ശിപാർശ ചെയ്ത ലിസ്റ്റിലെ ക്രമ നം.5, 9 അപേക്ഷകരായ ശ്രീമതി നസീമ & ശ്രീമതി. ബർക്കത്ത്, ശ്രീമതി ഷിബില കെ.എ & സുബി കുഞ്ഞു മുഹമ്മദ് എന്നവരുടെ അപേക്ഷകളുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകളിന്മേൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സ്പഷ്ടീകരണം ആവശ്യമായതിനാൽ ടി രണ്ട് അപേക്ഷകരെ ഒഴിവാക്കി 20 അപേക്ഷകർക്ക് ഗാർഹിക ആവശ്യത്തിനായി മാത്രം ശിരോപരി ലൈനിന് താഴെ കെട്ടിടം നിർമ്മിക്കുന്നതിന് സോപാധിക അനുമതി നൽകിയും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടം ഗാർഹിക ആവശ്യത്തിന് അല്ലാത്തതുമായ 5 അപേക്ഷകൾ നിരസിച്ചും പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ക്രമ നം.5, 9 -ലെ അപേക്ഷകളിന്മേൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം (4)ലെ 16.06.2025, 25.07.2025 തീയതികളിലെ കത്തുകൾ പ്രകാരം സ്പഷ്ടീകരണം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി റെഗുലേഷനിലെ റെഗുലേഷൻ 136 (1) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വിവേചന അധികാരം ഉപയോഗിച്ച് റെഗുലേഷൻ 65-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ചു കൊണ്ട് ടി റെഗുലേഷൻസ് അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി, റെഗുലേഷൻ 63 അനുശാസിക്കുന്ന ലംബഅകലം ഉള്ളതും ഗാർഹിക ആവശ്യത്തിനായി മാത്രം ശിരോപരി ലൈനിന് താഴെ കെട്ടിടം നിർമ്മിക്കുന്നതിന് സോപാധിക അനുമതി പരാമർശം (5) പ്രകാരം അനുമതി നൽകിയപ്പോൾ ഒഴിവാക്കിയ ക്രമ നം.5, 9-ലെ അപേക്ഷകരായ ശ്രീമതി നസീമ & ശ്രീമതി. ബർക്കത്ത്, ശ്രീമതി ഷിബില കെ.എ & സുബി കുഞ്ഞു മുഹമ്മദ് എന്നീ അപേക്ഷകർക്ക് ശിരോപരി ലൈനിന് താഴെ കെട്ടിടം നിർമ്മിക്കുന്നതിന് സോപാധിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശിരോപരി ലൈനുകൾക്ക് അടിയിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് സോപാധിക അനുമതി ലഭിക്കുന്ന അപേക്ഷകർ പരാമർശം (1) റെഗുലേഷൻസ്-ലെ റെഗുലേഷൻ 65-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിക്കുകയും ടി റെഗുലേഷൻ അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തുകയും ചെയ്തിട്ടുണ്ടോ / ചെയ്യുന്നുണ്ടോ എന്ന വിഷയം ബന്ധപ്പെട്ട

ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കർശനമായും ഉറപ്പു വരുത്തേണ്ടതാണ്.

4. ശിരോപരി വൈദ്യുതി ലൈനിന്റെ താഴെ കെട്ടിട നിർമ്മാണം നടത്തുന്നത് സ്ഥലം ഉടമയുടെ / കെട്ടിടം നിർമ്മിക്കുന്ന വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ആണെന്നും ഇപ്രകാരം ഭാവിയിൽ കെട്ടിടം ഉപയോഗിക്കുന്ന അവസരത്തിൽ ഈ ലൈൻ നിമിത്തം ജീവനോ സ്വത്തിനോ പിന്നീട് എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടാകുന്ന പക്ഷം യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും വൈദ്യുതി വിതരണ കമ്പനിക്കോ വൈദ്യുതി ലൈനിന്റെ ഉടമസ്ഥോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിനോ പരാമർശം( 2) പ്രകാരം രൂപികരിച്ച കമ്മിറ്റിക്കോ ഇക്കാര്യത്തിൽ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ലെന്നും ഈ വിഷയം സംബന്ധിച്ച് സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പോ വൈദ്യുതി വിതരണ കമ്പനികളോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതാണെന്നുമുള്ള സത്യപ്രസ്താവന ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അപേക്ഷകനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.മനോജ് കുമാർ
ജോയിന്റ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം / എറണാകുളം.
(ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ, കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയാ വകുപ്പ്.
കരുതൽ ഫയൽ /// ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Manoj S**
**Date: 29-12-2025 14:36:04**

സെക്ഷൻ ഓഫീസർ